# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5189 — 24.10.2011 - ൽ മറുപടിക്ക്

### ശുദ്ധജലം സംരക്ഷിക്കുന്നതിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമായിട്ടും തീരദേശ മേഖലകളിലും മറ്റ് പല പ്രദേശങ്ങളിലും രൂക്ഷമായ കടിവെള്ള പ്രശ്നം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമായിട്ടും ശുദ്ധജലക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു പ്രധാന കാരണം സംസ്ഥാന ഭൂപ്രകൃതിയുടെ സ്വാഭാവിക ചരിവുകാരണം മഴ മൂലം ലഭിക്കുന്ന ജലം വളരെ വേഗം കടലിലെത്തുന്നു എന്നതാണ്. ഇക്കാരണം കൊണ്ടാണ് സംസ്ഥാനത്ത് തീരപ്രദേശത്തും മറ്റു സ്ഥലങ്ങളിലും കുടിവെള്ളക്ഷാമം അനു-ഭവപ്പെടുന്നത്. കുടിവെള്ളക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിൽ ജലവിതരണത്തിനായി നിലവിലുള്ള പദ്ധതികളിൽ നിന്നും വിതരണ ശൃംഖല ദീർഘിപ്പിച്ചും, നിലവിലുള്ള ചെറിയ ജല വിതരണ പൈപ്പുകൾ മാറ്റി വലിയ പൈപ്പുകൾ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തിയായും ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.<br>ഇതിനു പുറമേ പഴയ പദ്ധതികളുടെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചും ശുദ്ധീകരണശാലകൾ നവീകരിച്ചും ജലവിതരണം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ജലസ്രോതസ്സുകളുടെ നിലനില്പിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണകൾ കെട്ടിയും മറ്റും ജലസംരക്ഷണത്തിനുള്ള നടപടികളും സ്വീകരിയ്ക്കുന്നുണ്ട്. |
| (ബി) | കടിവെള്ളം വലിയതോതിൽ മലിനീകരിക്കപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ശുദ്ധജലം സംരക്ഷിക്കുന്നതിന് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (ബി) | കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ജല അതോറിറ്റി പദ്ധതികളുടെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിനു വേണ്ട മുൻകരുതലുകൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഏതെങ്കിലും തരത്തിലുള്ള മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br><br>എന്നാൽ ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിനുമാണ്. |

സെക്ഷൻ ഓഫീസർ